**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 747

05.02.2020 ലെ മറുപടിയ്ക്ക്.

## സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി

| | | | |
|---|---|---|---|
| **ചോദ്യം**<br>**ശ്രീ.സി. ദിവാകരൻ** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | പട്ടികജാതി വികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരഭകത്വ പരിശീലനം നൽകി മുഖ്യാധാരയിലേക്ക് കൊണ്ടുവരുന്നതിന് പട്ടികജാതി വികസന വകുപ്പും, സ്റ്റാർട്ട്അപ് മിഷനും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് സ്റ്റാർട്ട്അപ് ഡ്രീംസ്. മണ്ണന്തല അംബേദ്ക്കർ ഭവനിലാണ് സ്റ്റാർട്ട് അപ് ഡ്രീസ് പ്രവർത്തിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 133.10 ലക്ഷം രൂപ ധനസഹായം സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റാർട്ട്അപ് ഡ്രീംസിൽ പേരു രേഖപ്പെടുത്തി പ്രവർത്തിച്ചു വരുന്ന സ്റ്റാർട്ട്അപ്പുകൾക്ക് പലിശരഹിത സീഡ് വായ്പ ലഭ്യമാക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിലേയ്ക്കായി 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ട് അപ്പുകൾക്ക് 10.00 ലക്ഷം രൂപ വീതം 40.00 ലക്ഷം രൂപ എന്ന പ്രകാരം 2.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യഗഡുവായി 40.00 ലക്ഷം രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരം എത്ര സംരംഭകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | സ്റ്റാർട്ട്അപ്പ് ഡ്രീസ് മുഖേന ഇതുവരെ തെരഞ്ഞെടുക്കപ്പെട്ട 3 ബാച്ചുകളിലായി 159 പേർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 3 ബാച്ചുകളിലായി യഥാക്രമം 21,15,19 സ്റ്റാർട്ട്അപ്പുകളെ തെരഞ്ഞെടുക്കുകയും ഇവർക്ക് മൂന്ന് മാസത്തെ മെന്റർഷിപ്പ് സപ്പോർട്ട് നൽകുകയും അതിൽ യഥാക്രമം 14,3,9 എന്നിങ്ങനെ സ്റ്റാർട്ട്അപ്പുകൾക്ക് അടിസ്ഥാന സൗകര്യവും ഇൻക്യൂബേഷൻ സപ്പോർട്ടും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ